പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ഭവനനിർമ്മാണത്തിന് നൽകുന്ന തുക

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2998

20.06.2014 ൽ മറുപടിക്ക്

ചോദ്യം. | ഉത്തരം.

| ശ്രീ. എ.കെ. ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഇന്ദിരാ ആവാസ് യോജന പ്രകാരം ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് എത്ര രൂപയാണ് നൽകുന്നതെന്നും കേന്ദ്ര - സംസ്ഥാന-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എത്ര രൂപ വീതമാണെന്നും വ്യക്തമാക്കുമോ; | (എ) | ഐ.എ.വൈ പദ്ധതിക്കായി കേരളത്തിൽ പട്ടികജാതി/ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 2.50 ലക്ഷം രൂപയും ആണ് നൽകുന്നത്. ഈ സംഖ്യയിൽ 70,000/- രൂപയുടെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കുന്നു. കൂടാതെ ബാക്കി വരുന്ന തുകയിൽ 50,000/- രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. അതിനുശേഷം അവശേഷിക്കുന്ന തുക 25:40:35 അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും വഹിക്കുന്നു. |
| (ബി) | 2011-12, 2012-13, 2013-14 വർഷങ്ങളിലേക്ക് എത്ര രൂപയാണ് കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുള്ളതെന്നും അതിൽ എത്ര രൂപ വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ; ഓരോ വർഷത്തേയും കണക്ക് നൽകുമോ; | (ബി) | 2011-12, 2012-13, 2013-14 വർഷങ്ങളിൽ ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.<br><br>വർഷം – കേന്ദ്ര വിഹിതമായി ലഭിച്ചത് (തുക ലക്ഷത്തിൽ)<br>2011-12 – 18160.05<br>2012-13 – 15344.332<br>2013-14 – 21741.849<br><br>കേന്ദ്ര വിഹിതമായി ലഭിച്ച മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഈ വർഷങ്ങളിൽ എത്ര രൂപയാണ് സംസ്ഥാനവിഹിതമായി ൽകേണ്ടിയിരുന്നതെന്നും അതിൽ എത്ര രൂപ ഇതുവരെ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഓരോ വർഷത്തെയും കണക്ക് വിശദമാക്കുമോ; | (സി) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഓരോ വർഷവും എത്ര ഭവനങ്ങൾ വീതം നൽകാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഓരോ വർഷവും നൽകാമെന്ന് ലക്ഷ്യമിട്ടിരുന്ന വീടുകളെ സംബന്ധിച്ച റിപ്പോർട്ട് ചുവടെ നൽകുന്നു.<br>Year — Target<br>2011-12 — 53808<br>2012-13 — 59620<br>2013-14 — 45738 |
| (ഇ) | ഓരോ വർഷവും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര വീടുകൾ അനുവദിച്ചുവെന്നും എത്ര വീടുകൾ പൂർത്തിയായെന്നും വ്യക്തമാക്കുമോ; | (ഇ) | എത്ര അപേക്ഷകൾ ലഭിച്ചു എന്നതിന്റെ വിവരം ശേഖരിച്ചു വരുന്നു. അനുവദിച്ച വീടുകളുടെ എണ്ണം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര വീടുകൾ അനുവദിച്ചുവെന്നും എത്ര വീടുകൾ പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ; | (എഫ്) | എത്ര അപേക്ഷകൾ ലഭിച്ചു എന്നതിന്റെ വിവരം ശേഖരിച്ചു വരുന്നു. അനുവദിച്ച വീടുകളുടെ എണ്ണം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ജി) | സംസ്ഥാന വിഹിതം യഥാസമയം നൽകാത്തതിനാൽ വീടുകൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (ജി) | കേന്ദ്ര വിഹിതം ലഭ്യമാവുന്നമുറക്ക് സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി വീടുകളുടെ നിർമ്മാണം യഥാസമയം നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ഈ വർഷങ്ങളിൽ നൽകിയ സംസ്ഥാന വിഹിതത്തിന്റെ കണക്കുകൾ ചുവടെ നൽകുന്നു.

| വർഷം | സംസ്ഥാന വിഹിതം നൽകേണ്ടിയിരുന്നത് (തുക ലക്ഷത്തിൽ) | സംസ്ഥാന വിഹിതമായി ലഭിച്ചത് (തുക ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 6053.33 | 5822.245 |
| 2012-13 | 5114.77 | 5302.14 |
| 2013-14 | 7247.287 | 7247.287 |

അനുബന്ധം 2

ഈ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെയും പൂർത്തിയായ വീടുകളുടെയും (സ്പിൽ ഓവർ ഉൾപ്പെടെ) റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

| Year | New houses | Upgradation | Credit cum subsidy | Total |
|---|---|---|---|---|
| 2011 -12 | 43255 | 11244 | 14 | 54513 |
| 2012-13 | 35010 | 8589 | 8 | 43607 |
| 2013-14 | 47041 | 8955 | 0 | 55996 |

അനുബന്ധം 3

| Year | New Houses | Upgradation | Credit cum subsidy | Total |
|---|---|---|---|---|
| 2011-12 | 54717 | 12399 | 14 | 67130 |
| 2012-13 | 44902 | 10853 | 14 | 55760 |
| 2013-14 | 42125 | 1906 | 0 | 44031 |